കാലിക്കറ്റ് സർവകലാശാല
പബ്ലിക് റിലേഷൻസ് വിഭാഗം

വാർത്താക്കുറിപ്പ്
2026 നവംബർ 11 **website: www.uoc.ac.in**

തളിക്കുളം സെന്ററിൽ
സ്റ്റാറ്റിസ്റ്റിക്സ് അധ്യാപക ഒഴിവ്

തൃശ്ശൂർ തളിക്കുളത്തുള്ള കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ (സി.സി.എസ്.ഐ.ടി.) ബി.സി.എ. പ്രോഗ്രാമിലെ സ്റ്റാറ്റിസ്റ്റിക്സ് വിഷയത്തിന് മണിക്കൂറടിസ്ഥാനത്തിലുള്ള ഗസ്റ്റ് അധ്യാപക ഒഴിവുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയിരിക്കണം. യു.ജി.സി. നെറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന. അസൽ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 19-ന് വൈകീട്ട് 04.00 മണിവരെ തളിക്കുളം സെന്ററിലെത്തി അപേക്ഷ സമർപ്പിക്കാം. അഭിമുഖ തീയതി പിന്നീടറിയിക്കും. ഫോൺ: 0487 2607112, 8089900465.

പി.ആർ. 1576/2026

വൈവ

എട്ടാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. ഹോണേഴ്സ് (2011 സ്കീം : 2019 - 2022 പ്രവേശനം) ഏപ്രിൽ 2026 റഗുലർ / സപ്ലിമെന്ററി വൈവ നവംബർ 24-ന് തുടങ്ങും. വിശദമായ ഷെഡ്യൂൾ വെബ്സൈറ്റിൽ.

പി.ആർ. 1577/2026

പ്രാക്ടിക്കൽ പരീക്ഷ

അഞ്ചാം സെമസ്റ്റർ ബി.വോക്. ഫിഷ് പ്രോസസിങ് ടെക്നോളജി (സി.ബി.സി.എസ്.എസ്. - വി. - യു.ജി.) നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 19-ന് തുടങ്ങും. കേന്ദ്രം : എം.ഇ.എസ്. അസ്മാബി കോളേജ് കൊടുങ്ങല്ലൂർ.

അഞ്ചാം സെമസ്റ്റർ ബി.വോക്. ഡാറ്റാ സയൻസ് ആന്റ് അനലറ്റിക്സ് (സി.ബി.സി.എസ്.എസ്. - വി. - യു.ജി.) നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 17-ന് തുടങ്ങും. വിശദമായ ഷെഡ്യൂൾ വെബ്സൈറ്റിൽ.

പി.ആർ. 1578/2026

ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷാഫലം

പ്രീവിയസ് ഇയർ എം.എ. ഇക്കണോമിക്സ് (1994 - 1999 പ്രവേശനം) സെപ്റ്റംബർ 2023 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 23 വരെ അപേക്ഷിക്കാം.

പി.ആർ. 1579/2026

പരീക്ഷാ അപേക്ഷ

സർവകലാശാലാ എഞ്ചിനീയറിങ് കോളേജിലെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2024 സ്കീം : 2024 പ്രവേശനം മുതൽ) റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 25 വരെയും 210 രൂപ പിഴയോടുകൂടി 27 വരെയും അപേക്ഷിക്കാം. ലിങ്ക് നവംബർ 12 മുതൽ ലഭ്യമാകും. പരീക്ഷ ഡിസംബർ 07-ന് തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ ലഭ്യമാണ്.

സർവകലാശാലാ എഞ്ചിനീയറിങ് കോളേജിലെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2019 സ്കീം - 2021, 2022, 2023 പ്രവേശനം) നവംബർ 2026 സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 23 വരെയും 210 രൂപ പിഴയോടുകൂടി 25 വരെയും അപേക്ഷിക്കാം. ലിങ്ക് നവംബർ 13 മുതൽ ലഭ്യമാകും.

പി.ആർ. 1580/2026

പുനർമൂല്യനിർണയഫലം

രണ്ടാം സെമസ്റ്റർ എം.എസ് സി. ഹോം സയൻസ്, നാലാം സെമസ്റ്റർ എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ്, എം.എ. ബിസിനസ് ഇക്കണോമിക്സ്, എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ (സി.ബി.സി.എസ്.എസ്. - പി.ജി.) ഏപ്രിൽ 2026 പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു.

പി.ആർ. 1581/2026